# INTERNATIONAL INDIAN SCHOOL DAMMAM
## SUMMATIVE ASSESSMENT – I ( 2015 -2016 )
## MALAYALAM

CLASS : VIII TIME : 3 hrs. MARKS : 90

I ഗദ്യഭാഗം വായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക

ക്രിസ്തുവർഷം 1498 -ൽ വാസ്കോഡിഗാമ പോർച്ചുഗൽ രാജാവിന്റെ പ്രതിനിധിയായി കോഴിക്കോട്ടു വന്ന് സാമൂതിരി രാജാവിനെ മുഖം കാണിച്ചു. പ്രാചീനകാലം മുതൽക്ക് കേരളവും യൂറോപ്പും തമ്മിലുണ്ടായിരുന്ന വാണിജ്യത്തിന്റെ കുത്തകാവകാശം തന്റെ രാജ്യത്തിനായി നേടുകയായിരുന്നു ഗാമയുടെ ആഗമനോദ്ദേശ്യം. കേരളീയ സുഗന്ധദ്രവ്യങ്ങൾക്ക് അന്ന് യൂറോപ്പിൽ നല്ല പ്രിയമായിരുന്നു. അറബികളോടും മാപ്പിളമാരോടും ഒപ്പം പറങ്കികൾക്കും തന്റെ രാജ്യത്ത് കച്ചവടം ചെയ്യാൻ അനുമതി നൽകിയ സാമൂതിരി കുത്തകാവകാശം പറങ്കികൾക്ക് കൊടുത്തില്ല. ഇത് അവർക്ക് സാമൂതിരിയോടുള്ള പിണക്കത്തിന് കാരണമായി. വാണിജ്യരംഗത്ത് മാപ്പിളമാരോടു മല്ലിട്ടു ജയിക്കാൻ കഴിയാതെ വന്ന പറങ്കികൾ സാമൂതിരിയുടെ നേരെ കൈയൂക്കു പ്രയോഗിക്കാനായി ശ്രമിച്ചു. അതിനായി അവർ അദ്ദേഹത്തിന്റെ ചിരവൈരിയായ കൊച്ചിയെ കൂട്ടു പിടിച്ചു. അറബിക്കടൽ പറങ്കികളുടെ അഴിഞ്ഞാട്ടത്തിന്റെ വേദിയായി. എല്ലാ സമുദ്രങ്ങളുടെയും ആധിപത്യം പോർച്ചുഗൽ രാജാവിനാണെന്നു വാദിച്ച പറങ്കികൾ എതിരാളികളുടെ ചരക്കുകൾ പിടിച്ചെടുത്തിട്ട് കപ്പലുകൾ കടലിൽ മുക്കുക പതിവാക്കി. പറങ്കികളുടെ ദുർനയത്തിന് വഴങ്ങാത്ത സാമൂതിരി അവരോട് പൊരുതാൻ കച്ചകെട്ടിയിറങ്ങി.

1. സാമൂതിരിയുടെ ചിരവൈരിയായ പ്രദേശമേതായിരുന്നു ? 1

2. ഏതു തരം സുഗന്ധദ്രവ്യങ്ങൾക്കായിരുന്നു യൂറോപ്പിൽ പ്രിയമുണ്ടായിരുന്നത് ? 1

3. പറങ്കികളുടെ അഴിഞ്ഞാട്ടത്തിന് വേദിയായത് എവിടമാണ് ? 1

4. വാസ്കോഡിഗാമ കോഴിക്കോട്ടു വന്ന് സാമൂതിരിയെ മുഖം കാണിച്ചത് എന്നാണ് ? 1

5. എന്തു പറഞ്ഞാണ് പറങ്കികൾ വാദിച്ചത് ? അതിനായി ഏതു രീതിയാണ് അവർ പതിവാക്കിയത് ? 2

6. പറങ്കികൾ സാമൂതിരിയോട് പിണങ്ങാൻ കാരണമെന്ത് ? 2

7. ഗാമയുടെ ആഗമനോദ്ദേശ്യം എന്തായിരുന്നു ? 2

II ബ്രാക്കറ്റിൽ നിന്നും ശരിയായ അക്ഷരം തെരഞ്ഞെടുത്ത് പദം പൂരിപ്പിക്കുക

( ന്ത, ത്ത, ന്ധ, ഞാ , ജ്ഞാ, തി, ത്ര, ഥി, ശ, ന്ത്ര, ഷ )
1. അ__ത 2. ചി__വേല 3. ഉപ__താവ് 4. ഗ്രാമവീ__ 5.ഘോ__യാത്ര 6. ത__ശാലി 6

III അർത്ഥം എഴുതുക
1. അഭിരുചി 2. പ്രഭ 3. വൈകല്യം 4. നിഷ്ക്രിയൻ 5. അംശുമാൻ 6. മോദം 6

IV വിപരീതം എഴുതുക
1. ബാല്യം 2. ധീരൻ 3. നഗരം 4. യോജിക്കുക 5. ഉദിക്കുക 6. ശ്രദ്ധ 6

V പര്യായം എഴുതുക
1. വിളക്ക് 2. കാല് 3. കനകം 4. അടർ 5. വിശ്വം 6. സ്വന്തം 6

VI നാനാർത്ഥം എഴുതുക
1. അന്നം 2. ക്ഷമ 3. യന്ത്രം 4. മേനി 5.വർഷം 5

VII ചേർത്തെഴുതുക
1. മന+കണ്ണ് 2. കൊടുക്കും+തോറും 3.കണ്ടുപിടിത്തം+കൾ 4. വീർപ്പ് +അടക്കി
5. വൈര+കല്ല് 6. മങ്ങി+കത്തിയ 6

VIII പരിച്ഛെഴുതി സന്ധി നിർണയിക്കുക
1.പ്രകാശമേറിയ 2.സാധിച്ചെടുത്തു 3.വീതിയുള്ള 4.വളരെക്കാലമായി
5. പരീക്ഷണങ്ങൾ 6. കൈപ്പിടി 6

IX വിഗ്രഹിക്കുക
1. പ്രകാശപ്രളയം 2. ഗ്രാമപുരോഹിതൻ 3. മഹാകാവ്യം 4. നിത്യസ്മാരകങ്ങൾ
5. യാത്രാവിവരണം 6. ദീനഭാവം 6

X വാക്യത്തിൽ പ്രയോഗിക്കുക (Any two)
1. വെളിച്ചംനൽകുക 2. ഏർപ്പെടുത്തുക 3.വിലമതിക്കുക 2

XI പദ്യം പൂരിപ്പിക്കുക (First 10 lines)
വിത്തമെന്തിനു______
______വേളയിലംശുമാൻ 5

XII ഖണ്ഡിക തയ്യാറാക്കുക
ഗ്രന്ഥപാരായണം 5

## XIII ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരമെടുത്തെഴുതുക (6 Marks)

1. രമണകൻ ആരുടെ മകനായിരുന്നു ?
(ഗ്രാമപുരോഹിതൻ ,ഗ്രാമപതി , വിഷ്ണുഗുപ്തൻ )

2. കേൾവി ശക്തി പൂർണമായും നഷ്ടപ്പെട്ട പാശ്ചാത്യ സംഗീതജ്ഞൻ ആരായിരുന്നു?
(ഹോമർ , ലുഡോമിൽ , ബീഥോവൻ )

3. വിദ്യതന്നെ മഹാധനം എന്ന കവിത എഴുതിയതാര് ?
(വള്ളത്തോൾ , ആശാൻ , ഉള്ളൂർ )

4. ചാൾസ് ഗ്രാണ്ടെമാന്റ് എന്ന ഫ്രഞ്ചുകാരൻ ആരായിരുന്നു ?
(ഗണിതശാസ്ത്രജ്ഞൻ , നാവിക ആഫീസർ , ആംഗലേയ കവി )

5. പുത്തൻ ട്രാൻസ്മിറ്റർ നിർമിച്ചതിന് എഡിസന് ലഭിച്ച അവാർഡ് എന്ത് ?
( 40,000 ഡോളർ , 20,000 ഡോളർ , 30,000 ഡോളർ )

6. ഹെലൻ കെല്ലർ എവിടെ ജനിച്ചു ?
(ടുസക്കുംബിയ , സ്വിറ്റ്സർലണ്ട് , ഓസ്ട്രിയ )

## XIV ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക ( Any Five) (10 Marks)

1. വിധിയെ തോല്പിക്കുന്നവർ എന്നു പറയുന്നത് ആരെയാണ് ?
2. രമണകൻ കൊണ്ടുവന്ന വസ്തു എന്തായിരുന്നു ?
3. ലുഡോമിൽ ചിത്രം വരച്ചിരുന്നത് എങ്ങനെ ?
4. അകക്കണ്ണ് തുറപ്പിക്കുന്നതാര് ?
5. ഹെലൻ കെല്ലർക്ക് ഉണ്ടായിരുന്ന വൈകല്യങ്ങൾ എന്തൊക്കെയാണ് ?
6. വിജയമിത്രന് സമ്മാനം ലഭിക്കാൻ കാരണമെന്ത് ?

## XV മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക (Any one) 5

1. എഡിസന്റെ ബാല്യകാലത്തെ പ്രത്യേകതകൾ എന്തെല്ലാമായിരുന്നു ?

OR

2. വിദ്യ മഹാധനമാണെന്ന് പറയുന്നതെന്തുകൊണ്ട് ?